പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1569

14/06/2013-ൽ മറുപടിക്ക്

## കുടുംബശ്രീ വഴി കൂടുതൽ തൊഴിലവസരങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി.കെ. ബഷീർ | | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പുമന്ത്രി | |
| (എ) | കുടുംബശ്രീ മുഖാന്തിരം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുവോ? | (എ) | ഉണ്ട് |
| (ബി) | എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | കേരള സർക്കാരിന്റെ വികസന ഉദ്ദേശ ലക്ഷ്യങ്ങളിൽ പ്രധാനം തൊഴിലിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നതാണ്. . ഇതിലേയ്ക്കായി ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെയും കുടുംബശ്രീയുടെയും പദ്ധതികൾ മുഖാന്തിരം 2013-14 വർഷത്തിൽ ഒരു ലക്ഷം പേർക്ക് പുതിയതായി ഉപജീവനം കണ്ടെത്തുവാൻ ലക്ഷ്യമിടുന്നു. സുസ്ഥിരമായ സ്വയംതൊഴിലിലൂടെയോ സ്കിൽ ട്രെയിനിംഗ് & പ്ലെയ്സ്മെന്റിലൂടെയോ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഉപജീവന സാധ്യത കണ്ടെത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സൂക്ഷ്മ സംരംഭങ്ങൾ, സംഘകൃഷി, വൈദഗ്ധ്യ പരിശീലനവും തൊഴിലും തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും. |
| (സി) | കുടുംബശ്രീയുടെ വാർഷികത്തോടനുബന്ധിച്ച് കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന കാര്യത്തിൽ | | 1.കുടുംബശ്രീയുടെ വാർഷികത്തോടനുബന്ധിച്ച് വികസന ക്യാമ്പയിൻ 2013-14 സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായുള്ള തുടർ പ്രവർത്തനങ്ങൾ |

നിലപാട് വെളിപ്പെടുത്തുമോ?

ചുവടെ ചേർക്കുന്നു.
ഒരു ലക്ഷം പേർക്ക് തൊഴിൽ : സുസ്ഥിരമായ സ്വയംതൊഴിലിലൂടെയോ സ്കിൽ ട്രെയിനിംഗ് & പ്ലെയ്സ്മെന്റിലൂടെയോ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഉപജീവന സാധ്യത കണ്ടെത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

2. **സാമൂഹ്യ സുരക്ഷാ ക്യാമ്പയിൻ** : ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

**1). ആശ്രയ** : ഒന്നാം ഘട്ട ആശ്രയ പദ്ധതി അംഗീകരിച്ചു നടപ്പിലാക്കി വരുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആദ്യ ഘട്ടത്തിൽ ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടാം ഘട്ട ആശ്രയ പദ്ധതി ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കും. നാളിതുവരെ ആശ്രയ പദ്ധതി ആരംഭിക്കാത്ത 25 തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ വർഷം തന്നെ പദ്ധതി ആരംഭിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കും.

**2.ബഡ്സ് വ്യാപനം** : ബഡ്സ് വ്യാപനത്തിന്റെ ഭാഗമായി നിലവിൽ ഗ്രാമീണ മേഖലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സജീവമായി പ്രവർത്തിപ്പിക്കുന്ന 22 ബഡ്സ് സ്കൂളുകളെ ഉപജീവന തൊഴിൽ പരിശീലനത്തിനായി തിരഞ്ഞെടുക്കുകയും അദ്ധ്യാപകർക്കും മറ്റുള്ളവർക്കും ഓറിയന്റേഷൻ പരിശീലനം നൽകുകയും ചെയ്തു. ഈ പരിശീലനം മുഖേന മാനസിക വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽ മേഖലകളിലേയ്ക്ക് നിയോഗിക്കുവാൻ കഴിയുന്നതാണ്. ഇതിലേയ്ക്കായി മാതൃക പ്രോജക്ട് തയ്യാറാക്കുകയും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് ജില്ലാ മിഷൻ മുഖേന ലഭ്യമാക്കുകയും ചെയ്തു. കൂടുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഈ പ്രവർത്തനങ്ങൾ

വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

3. **ബി.ആർസി** : 18-നു മേൽ പ്രായമുള്ള മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് മുൻഗണന നൽകി പകൽ പരിപാലനം, തൊഴിൽ പരിശീലനം, തൊഴിൽ സംരംഭകത്വം, തൊഴിൽ പുനരധിവാസം എന്നിവയ്ക്ക് സഹായകമാകുന്ന സ്ഥാപനങ്ങളാണ് 'ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ബഡ്സ് സ്കൂളുകൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ബി.ആർ.സികൾ ആരംഭിക്കുകയാണ് ലക്ഷ്യം. 2013-14 സാമ്പത്തിക വർഷം 200-ഓളം ബി.ആർ.സികൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

**4.കുട്ടികളുടെയും സ്ത്രീകളുടെയും നേരെയുള്ള അതിക്രമം പ്രതിരോധിക്കുന്നതിനുള്ള ബഹുജന വിദ്യാഭ്യാസം** :കുട്ടികളുടെയും സ്ത്രീകളുടെയും നേരെയുള്ള അതിക്രമപ്രതിരോധത്തിനായി ആവിഷ്കരിച്ചിരിക്കുന്ന നിർഭയ പദ്ധതിയുടെ ഭാഗമായുള്ള ബഹുജന വിദ്യാഭ്യാസ പരിപാടി കുടുംബശ്രീയുടെ ത്രിതല സംഘടനാസംവിധാനത്തിലൂടെയും സംഘടിപ്പിക്കാനുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

5). **ഗ്രാമസഭാ ക്യാമ്പയിൻ** : തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണസുതാര്യതയും ജനപങ്കാളിത്തവും ഉയർത്തുന്നതിനുള്ള ഒരു പ്രധാന ഘടകമാണ് ശക്തമായ ഗ്രാമസഭകൾ. ഇതിന്റെ ഭാഗമായി കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങൾക്ക് ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ എന്നിവ സംബന്ധിച്ച വിപുലമായ പരിശീലന പരിപാടി ഈ വർഷത്തെ സവിശേഷ പരിപാടിയാണ്.

6). **കമ്മ്യൂണിറ്റി കോളേജ്** : വിവിധ പരിശീലനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും കുടുംബശ്രീ അംഗങ്ങളായ സ്ത്രീകൾക്ക് പ്രാപ്തി വർദ്ധനവ് വരുത്തുകയും അതിലൂടെ വിവിധ മേഖലകളിൽ അവരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുകയെന്നതാണ്

കമ്മ്യൂണിറ്റി കോളേജ് എന്നതിലൂടെ ഉദ്ദേശിക്കുന്നത്. വ്യക്തികളുടെ താൽപ്പര്യങ്ങൾക്കും കഴിവുകൾക്കും അനുസരിച്ച് വിവിധ മേഖലകളിൽ പരിശീലനങ്ങൾ നൽകി വിവിധ തൊഴിൽ മേഖലകളിൽ അവരെ നിയോഗിക്കുകയെന്നതും ഇതിലൂടെ സാധ്യമാകും. കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാല കളും പരിശീലന കേന്ദ്രങ്ങളുമായി ചേർന്ന് ഹ്രസ്വ-ദീർഘകാല പാഠ്യപദ്ധ തികൾ രൂപപ്പെടുത്താനും അതനുസ രിച്ച് വേണ്ട വിദ്യാഭ്യാസം നൽകു വാനും സാധിക്കും. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക പ്രവർത്തന ങ്ങളിൽ സ്ത്രീകളുടെ അറിവിനെയും വിദ്യാഭ്യാസത്തെയും കൂടുതൽ മെച്ച പ്പെടുത്താനും അവരുടെ പ്രാതിനിധ്യം ഉറപ്പിക്കുകയെന്നതും കമ്മ്യൂണിറ്റി കോളേജ് ലക്ഷ്യമിടുന്നു. പരിശീലനം ലഭിച്ച വ്യക്തികൾ തങ്ങളുടെ പ്രദേ ശത്ത് വിവിധതരത്തിലുള്ള പരിശീലന ങ്ങൾക്കും പഠനങ്ങൾക്കും നേതൃത്വം നൽകുവാനും ഒരു റിസോഴ്സ് പേഴ്സ ണായി പ്രവർത്തിക്കുവാനും സാധി ക്കും. നിയമവിദ്യാഭ്യാസം, വിവരസാങ്കേതിക വിദ്യകളുടെ പരിശീ ലനം, വിഷയാധിഷ്ഠിത പഠനവും ഗവേഷണവും ഇതിന്റെ ഭാഗമാക്കാവു ന്നതാണ്.

7). **കമ്മ്യൂണിറ്റി തീയേറ്റർ** : കേരളത്തിന്റെ മുഴുവൻ ഗ്രാമ നഗര പ്രദേശങ്ങളിലും നിരന്തരം ആശയ പ്രചാരണം നടത്തുന്ന ഒരു സാംസ്കാരിക പ്രവർത്തനമാണ്, കമ്മ്യൂണിറ്റി തീയറ്ററിലൂടെ ഉദ്ദേശിക്കുന്നത്. 1072 സി ഡി എസ്സുകളിലും 10 മുതൽ 15 പേർ അടങ്ങുന്ന ഒരു സംഘത്തെ രൂപീകരിക്കുകയാണ് ലക്ഷ്യം. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ നിഷേധങ്ങൾക്കെതിരെ പ്രതികരിക്കാനും അവകാശ ബോധം സമൂഹത്തിനാകെ ബോധ്യപ്പെടുവാനും സഹായിക്കുന്ന പ്രമേയങ്ങളുള്ള നാടകങ്ങൾ തയ്യാറാക്കി പ്രാദേശിക അവതരണങ്ങൾ നടത്താൻ സ്ത്രീകളുടെ കമ്മ്യൂണിറ്റി തീയേറ്ററിലൂടെ സാധ്യമാവും.

സാമൂഹിക നീതി, തുല്യത, സുസ്ഥിര വികസനം, തുടങ്ങിയ ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള

ആശയ പ്രചരണത്തിനും ഇവയെ പ്രയോജനപ്പെടുത്താനാകും . 1072 സി ഡി എസ്സുകളിൽ നിന്നായി 15000–ത്തോളം കുടുംബശ്രീ അംഗങ്ങൾക്ക് ഇതിന്റെ ഭാഗമാകാനും വരുംകാലങ്ങളിൽ ഈ സംഘത്തെ ഒരു ഉപജീവന മാർഗ്ഗം കൂടിയാക്കി മാറ്റാനും സാധിക്കും എന്നാണ് കരുതുന്നത്.

8). **ഹെൽപ്പ് ഡെസ്ക്** : കേരളത്തിലെ കുടുംബശ്രീ അംഗങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സഹായവും സേവനവും നിർദ്ദേശങ്ങളും അവശ്യഘട്ടങ്ങളിൽ കൗൺസിലിംഗ് നൽകുന്നതിനും സാധ്യത നൽകുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കേന്ദ്രം എല്ലാ ജില്ലകളിലും എന്നതാണ് ഹെൽപ്പ് ഡെസ്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിൽ ഇതിനാവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

9). **ബാങ്ക് ലിങ്കേജ്** : 2013 – 14 സാമ്പത്തിക വർഷം 1200 കോടി രൂപയുടെ ബാങ്ക് ലിങ്കേജ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്

---

C

(signature)
സെക്ഷൻ ആഫീസർ